# JDT ISLAM IQRAA ENGLISH MEDIUM HIGH SCHOOL

## ACADEMIC MASTER PLAN

## 2025 - 26



# VISION 2028

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയം മികവിന്റെ കേന്ദ്രം -- കാഴ്ചപ്പാട്
4. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ
5. നിലവിലെ അവസ്ഥാ വിശകലനം
6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റനോട്ടത്തിൽ
7. പദ്ധതി വിശദാംശങ്ങൾ

( മേഖല ഉപമേഖല ലക്ഷ്യം പ്രവർത്തനങ്ങൾ കാലം ചുമതല സാമ്പത്തിക വിശകലനം )

8. പ്രതീക്ഷിത നേട്ടങ്ങൾ
9. മോണിറ്ററിംഗ്
10. ഉപസംഹാരം

അനുബന്ധം

വിദ്യാലയത്തിന്റെ സ്കെച്ച് പ്ലാൻ ജൈവവൈവിധ്യ പാർക്ക് രൂപരേഖ

മികവുകൾ,നേട്ടങ്ങൾ (നടപ്പ് വർഷം, മുൻ വർഷം )

നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക

| | |
|---|---|
| 1.വിദ്യാലയത്തിന്റെ പേര് | : ജെഡിടി ഇസ്ലാം ഇക്ര ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ |
| വിലാസം | : വെള്ളിമാടുകുന്ന് |
| 2. സ്കൂൾ കോഡ് | : 17106 |
| 3.വിദ്യാഭ്യാസ ഉപജില്ല | : കോഴിക്കോട് |
| 4. വിദ്യാഭ്യാസ ജില്ല | : കോഴിക്കോട് |
| 5. റവന്യൂ ജില്ല | : കോഴിക്കോട് |
| 6. B R C | : നടക്കാവ് നോർത്ത് |

7. കോർപ്പറേഷൻ : കോഴിക്കോട്

8. ജില്ലാ പഞ്ചായത്ത് : കോഴിക്കോട്

9. നിയമസഭാ മണ്ഡലം : കോഴിക്കോട് നോർത്ത്

10. ലോകസഭാ മണ്ഡലം : കോഴിക്കോട്

11. താലൂക്ക് : കോഴിക്കോട്

12. വില്ലേജ് : ചേവായൂര്

13. ഇമെയിൽ : jdtiqraahs@gmail.com

14. വെബ്സൈറ്റ് : www.jdtislam.org

## 1.ആമുഖം

കലയും സാഹിത്യവും സംസ്കാരവും ഒന്നിക്കുന്ന കോഴിക്കോടിന്റെ മണ്ണിൽ തലയെടുപ്പോടെ നിൽക്കുന്ന, അശരണർക്ക് അഭയമായ ജെ ഡി റ്റി യുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ സ്റ്റേറ്റ് സിലബസിൽ പ്രവർത്തിക്കുന്ന അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളാണ് ജെ ഡി റ്റി ഇസ്ലാം ഇഖ്റ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ.പ്രദേശവാസികളായ കുട്ടികൾക്ക് english വിദ്യാഭ്യാസം ലഭിക്കുന്നതിനായി അന്നത്തെ jdt ഇസ്ലാം സെക്രട്ടറി ആയിരുന്നഹസ്സൻ ഹാജി സാഹിബ് 1991 ജൂലൈ മാസം സ്ഥാപിച്ചതാണ് ഈ സ്കൂൾ.2024 ലാണ് സ്കൂളിന് സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നത്. പിന്നീടിങ്ങോട്ട് എല്ലാവർഷവും നൂറുശതമാനം വിജയവുമായി ഓരോ sslc ബാച്ചും ഇവിടെ നിന്ന് പടിയിറങ്ങി എന്നത് ഏറെ അഭിമാനം നൽകുന്നു .1991-ൽ സ്ഥാപിതമായ ജെ.ഡി.ടി ഇസ്‌ലാം ഇഖ്റ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, അക്കാദമിക മികവിന്റെയും സമഗ്ര വികസനത്തിന്റെയും പ്രതീകമായി മാറിയ പ്രശസ്ത സ്ഥാപനമാണ്. കേരള സർക്കാരിന്റെ പാഠ്യപദ്ധതി അനുസരിച്ച് പ്രവർത്തിക്കുന്ന ഞങ്ങളുടെ സ്കൂൾ, വിദ്യാർത്ഥികൾക്ക് വളരാൻ അനുയോജ്യമായ അന്തരീക്ഷം നൽകുന്നു.

ഞങ്ങളുടെ വിദ്യാഭ്യാസ യാത്രയ്ക്ക് കേന്ദ്രമായി പ്രവർത്തിക്കുന്നത് സമർപ്പിതരായ ശേഷികളുള്ള ഒരു അദ്ധ്യാപക സംഘമാണ്. എൽകെജിയിൽ നിന്ന് 10-ാം ക്ലാസ് വരെ, ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗത ശ്രദ്ധയും മാർഗനിർദേശവും ലഭ്യമാക്കുന്നതിനായി ഞങ്ങളുടെ അധ്യാപകർ നിരന്തരം പരിശ്രമിക്കുന്നു.വെറും

ജ്ഞാനദാനം മാത്രമല്ല ഞങ്ങളുടെ ലക്ഷ്യം.മറിച്ച് അടിസ്ഥാന നൈതിക മൂല്യങ്ങൾ പകർന്നു കൊടുക്കുകയും, ഉത്തരവാദിത്തപരവും കരുണാപരവുമായ വ്യക്തികൾ ആക്കുന്നതിന് കുട്ടികളെ സഹായിക്കുകയും ചെയ്യുകയാണ് ഞങ്ങളുടെ അഭിമാനകരമായ ദൗത്യം.

ഏറ്റവും പുതിയ സാങ്കേതിക വിദ്യയോടു കൂടിയ സ്മാർട്ട് ക്ലാസ്റൂമുകൾ ഉൾപ്പെടുന്ന ഏറ്റവും മികച്ച അടിസ്ഥാനസൗകര്യങ്ങൾ നമ്മുടെ സ്കൂളിന്റെ പ്രത്യേകതകളിലൊന്നാണ്. കായിക മത്സരങ്ങൾ മുതൽ സാംസ്കാരിക പ്രവര്‍ത്തനങ്ങൾ വരെ, വിദ്യാർത്ഥികളെ അവരുടെ റ്റാലന്റുകളും ജനിതകവാസനകളും അന്വേഷിക്കാൻ പ്രേരിപ്പിക്കുന്നുവെന്നും, പാഠപുസ്തകങ്ങൾക്കപ്പുറം വ്യക്തിത്വവികസനത്തിനും പ്രാധാന്യം നൽകുന്നുവെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

എല്ലാ കുടുംബങ്ങൾക്കും അത്യുന്നതമായ വിദ്യാഭ്യാസം കൈമാറുന്നവരായി തുടരുന്ന ഞങ്ങൾ, അതിന്റെ ലഭ്യത ഉറപ്പാക്കുന്നതിൽ അഭിമാനിക്കുന്നു.

## 2.ലക്ഷ്യങ്ങൾ

1. 1 - 10 വരെ ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും അന്താരാഷ്ട്ര നിലവാരത്തിൽ ഓരോ കുട്ടിയുടെയും പരമാവധി കഴിവിന് അനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക (പഠന വിഷയങ്ങളിൽ ഉണ്ടാകണം കലാകായിക പ്രവർത്തി പരിചയ പഠനത്തിൽ പങ്കാളിത്തവും താൽപര്യവും ഉറപ്പാക്കണം സാമൂഹിക രംഗത്തെ ധാരണ പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കണം. ഓരോ കുട്ടിയും മൂന്ന് ഭാഷയിൽ എങ്കിലും ആശയവിനിമയശേഷി നേടണം)

2. എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും

3. അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും

4. ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.

5. ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

6. ക്ലാസ്സ് മുറികളിൽ ഐസിടി അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.

7. കലാകായിക പ്രവർത്തി പരിചയം മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ബൗദ്ധിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.

8. ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കും

9. പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സപ്ത ഉൾക്കൊണ്ട് ലഭ്യമാക്കും.

10. പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും

11. സ്കൂൾ ലൈബ്രറി ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാകും.

12. ലഘുപഠന യാത്രകൾ പഠന ക്യാമ്പുകൾ ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ സെമിനാറുകൾ പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

13. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക മാലിന്യനിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും മദ്യപാനം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തും.

14. പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്ത ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും.

15. അനാഥരും അഗതികളുമായ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.

16. വിദ്യാഭ്യാസത്തിന്റെ ജനകീയവൽക്കരണം അർത്ഥപൂർണ്ണം ആക്കും.

17. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കും കുട്ടികൾക്കായി ഗൈഡൻസ് കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.

18. അധ്യാപനവും അധ്യായനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

19.1 - 10 വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവസമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

## 3.വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

- പാഠ - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം ദീനാനുകമ്പതുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും.

## 4. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ:

1. എസ് ആർ ജി യോഗത്തിൽ ജെഡിടി ഇസ്‌ലാം ഇക്ര ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ വിഷൻ 2028 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. വികസനാവശ്യങ്ങൾ ക്ലാസ് വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3. കരടി രൂപരേഖ SRG, PTA, MPTA എന്നിവയിൽ അവതരിപ്പിക്കൽ.

## 5. നിലവിലെ അവസ്ഥാ വിശകലനം

ഭൗതിക നേട്ടങ്ങൾ:

വിശാലമായ കായിക പരിശീലനത്തിനുള്ള ഗ്രൗണ്ട് HS, UP, LP ക്ലാസുകൾക്ക് IT ലാബുകൾ ക്ലാസ് മുറികൾ റാംപ് സൗകര്യമുള്ള സ്കൂൾ കെട്ടിടങ്ങൾ.

അക്കാദമികം: നേട്ടങ്ങൾ:

21 വർഷം തുടർച്ചയായി എസ്എസ്എൽസി 100% വിജയം നേടി. കഴിഞ്ഞ വർഷങ്ങളിൽ നിന്ന് കുട്ടികളുടെ പഠന നിലവാരം ഉയർത്താൻ സാധിച്ചിട്ടുണ്ട് അഗതികളും അനാഥരുമായ കുട്ടികൾക്ക് പ്രത്യേകമായി ക്ലാസുകൾ നൽകി പഠന നിലവാരം ഉയർത്താൻ സാധിച്ചു. വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് തെളിയിച്ചിട്ടുണ്ട്.

## 6. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ: ഒറ്റനോട്ടത്തിൽ

| അക്കാദമികം | സാമൂഹികം |
|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ശാസ്ത്രോഷണപരിപാടി<br>• വായനാ പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• ലബോറട്ടറി ആധുനികവൽക്കരിക്കൽ<br>• പ്രതിഭാ പോഷണ പരിപാടി<br>• സാഹിത്യ പോഷണ പരിപാടികൾ<br>• പഠനയാത്രകൾ<br>• സെമിനാറുകൾ<br>• ഐടി പരിശീലനം അധ്യാപക ശാക്തീകരണ പരിപാടികൾ<br>• ക്ലാസ് പിടിഎ സജീവമാക്കൽ<br>• പ്രവർത്തി പരിചയ പഠനം<br>• ശാസ്ത്രഭരുചി വളർത്തൽ<br>• രചന ശില്പശാല<br>• അഭിമുഖങ്ങൾ<br>• മെഡിക്കൽ ക്യാമ്പ്<br>• ഗണിത ലാബ്<br>• ഗണിതാ അന്തരീക്ഷം ഒരുക്കൽ<br>• ഭാഷ ലാബ്, വായന മൂല,പാനൽ ചർച്ചയ്ക്കുള്ള വേദി | • പിടിഎ ശക്തിപ്പെടുത്തൽ<br>• എസ് എം സി<br>• എസ് എം ഡി സി കാര്യക്ഷമമാക്കൽ<br>• വിദ്യാലയ വികസന സമിതി എസ് ഡി സി.<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• ഗ്രന്ഥശാലകൾ ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സഹകരണ സ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>• ക്ലാസ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ<br>• ഭവന സന്ദർശനം<br>• പഠനക്കൂട്ടം |

| | |
|---|---|
| • ബ്ലോഗ്<br>• മൂല്യനിർണയം, നിരന്തര വിലയിരുത്തൽ<br>• കായിക പഠനം<br>• ദിനാചരണം<br>• ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ, ഫീഡ് ട്രിപ്പ്<br>• ഗണിതോത്സവം<br>• ജെഡിടി ഇസ്‌ലാം ഇക്ര ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ വിഷൻ 2028 | |

## 7. പദ്ധതി വിശദാംശങ്ങൾ

( മേഖല,ഉപമേഖല,ലക്ഷ്യം, പ്രവർത്തനങ്ങൾ,കാലം,ചുമതല,സാമ്പത്തിക വിശകലനം)

അക്കാദമികം

ഇംഗ്ലീഷ്

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

ഉപ മേഖല : ഇംഗ്ലീഷ് ഭാഷ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന | ആഴ്ചയിൽ അഞ്ചുദിവസം | ഇംഗ്ലീഷ് അധ്യാപകർ | NA |

| | | | | |
|---|---|---|---|---|
| നേടൽ | സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | | | |

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര് : സ്കൂൾ റേഡിയോ

ഉപ മേഖല : ഇംഗ്ലീഷ് ഭാഷ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ റേഡിയോ<br><br>Voice of Mango City | എല്ലാ വെള്ളിയാഴ്ചകളിലും മൈക്കിലൂടെ ആ ആഴ്ച നടന്ന പ്രധാന വാർത്തകൾ റേഡിയോ രീതിയിൽ അവതരണം | പ്രതിമാസം അഞ്ചു അവതരണം | ഇംഗ്ലീഷ് അധ്യാപകർ എസ് ആർ ജി അധ്യാപകർ | പിടിഎ ഫണ്ട് |

പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : സ്പീക്കർസ് ഫോറം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ' ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 'Speak Smart'<br><br>ഓപ്പൺ ഫോറം | സഭാകമ്പം മാറി വേദികളെ ഇംഗ്ലീഷിൽ അഭിമുഖീകരിക്കാനുള്ള ശേഷി നേടുക | പ്രതിദിന പരിപാടി | ഇംഗ്ലീഷ് അധ്യാപകർ എസ്ആർ.ജി | NA |

| | | | | |
|---|---|---|---|---|
| | എല്ലാ ദിവസവും ക്ലാസിൽ മൂന്നു മിനിറ്റ് അവതരണം | | | |

മാതൃഭാഷ

പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് : രചന ശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ വായനാ സാമഗ്രികളുടെ | കഥയറിങ്ങ് കവിയറിങ്ങ് രചന ശില്പശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ് മുറികളിലെ പഠനസാമഗ്രികൾ ആയി മേൽപ്പറഞ്ഞ ഉൽപ്പനകളെ ഉപയോഗിക്കൽ | രണ്ടുമാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | പിടിഎ ഫണ്ട് |

പ്രവർത്തനം - 5

പ്രവർത്തനത്തിന്റെ പേര് : ബ്ലോഗ് നിറയ്ക്കൽ യജ്ഞം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ൾ | | | |
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം എസ് ആർ ജി എസ് ഐ ടി സി | പിടിഎ ഫണ്ട് |

പ്രവർത്തനം - 6

പ്രവർത്തനത്തിന്റെ പേര് : സർഗ്ഗസല്ലാപം

ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ അവരുടെ വായന എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ പ്രസിദ്ധീകരിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | എച്ച് എം & പിടിഎ | പിടിഎ ഫണ്ട് |

പ്രവർത്തനം - 7

പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | എസ് ആർ ജി ക്ലബ്ബ് കൺവീനർ മാർ | പിടിഎ ഫണ്ട് |

ഗണിതം

പ്രവർത്തനം - 8

പ്രവർത്തനത്തിന്റെ പേര് : ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല/ ഉപമേഖല : അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ,ഗണിതോത്സ | ആവശ്യാനുസരണം | എസ്. ആർ ജി ഗണിത ക്ലബ്ബ് | പിടിഎ ഫണ്ട് |

| | | | | |
|---|---|---|---|---|
| | വം | | | |

ശാസ്ത്രം

പ്രവർത്തനം - 9

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര ലാബ് നവീകരിക്കൽ

മേഖല/ ഉപ മേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിനെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ് കെമിസ്ട്രി ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | പിടിഎ ഫണ്ട് |

പ്രവർത്തനം - 10

പ്രവർത്തനത്തിന്റെ പേര് : പ്രതിഭ പോഷണ പരിപാടി

മേഖല/ ഉപ മേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം | അവധി | എസ്ആർ ജി സബ്ജക്ട് | പിടിഎ ഫണ്ട് |

| | | | | |
|---|---|---|---|---|
| പരിശീലനവും ക്ലാസുകളും നൽകൽ | പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ ഒഴിവു ദിവസങ്ങളിൽ സംഘടിപ്പിക്കൽ | ദിവസങ്ങൾ | കൺവീനർ | |

പ്രവർത്തനം - 10

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര യാത്രകൾ

മേഖല/ ഉപ മേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | പ്ലാനിറ്റേറിയം ശാസ്ത്രപ്രദർശനങ്ങൾ മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം ഒരു യാത്ര | സയൻസ് ക്ലബ്ബ് എച്ച് എം എസ് ആർ ജി | |

പ്രവർത്തനം - 11

പ്രവർത്തനത്തിന്റെ പേര് : മേളകൾ

മേഖല/ ഉപ മേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾ ചില ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി ഉപജില്ലാതല | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| | ത്തിൽ പരമാവധി പങ്കാളിത്തം | | | |

സാമൂഹ്യശാസ്ത്രം

പ്രവർത്തനം- 18

പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യശാസ്ത്ര ലാബ്

മേഖല/ ഉപ മേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിലൊരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

പ്രവർത്തനം - 12

പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ

മേഖല/ ഉപ മേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പ്രത്യശാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ സ്ഥലങ്ങൾ | എസ്. ആർ ജി സോഷ്യൽ സയൻസ് | |

| | | | | |
|---|---|---|---|---|
| | ഗ്രഹിക്കുന്നതിന് | തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | | |

പ്രവർത്തനം - 13

പ്രവർത്തനത്തിന്റെ പേര് : ഡിബേറ്റ് ക്ലബ്ബ്

മേഖല/ ഉപ മേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലികപ്രസക്തിയുള്ള സാമൂഹികശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം,സെമിനാർ,ഡിബേറ്റ്,പാനൽ ചർച്ച,പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കുൽ | മൂന്നുമാസത്തിലൊരിക്കൽ | എസ്.ആർടി സോഷ്യൽ സയൻസ് | |

പ്രവർത്തനം - 14

പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

മേഖല/ ഉപ മേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക്പ്രവേശിപ്പിക്കൽ | അധിക വായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ ഇയർ ബുക്കുകൾ,സാമൂഹ്യശാസ്ത്ര വായന കോർണർ ഒരിക്കൽ | വർഷത്തിലൊരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

പ്രവർത്തനം - 15

പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല/ ഉപ മേഖല : അക്കാദമികം / സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ കോട് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | പ്രദർശിപ്പിക്കുകയും ചെയ്യൽ | | | |

ഹിന്ദി

പ്രവർത്തനം - 16

പ്രവർത്തനത്തിന്റെ പേര് : രാഷ്ട്രഭാഷ ശ്രേഷ്ഠ ഭാഷ

മേഖല/ ഉപ മേഖല : അക്കാദമികം / ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഇന്ത്യയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ നാടകീകരണം ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്ന് വീതം | ഹിന്ദി ക്ലബ്ബ് | |

കലാ വിദ്യാഭ്യാസം

പ്രവർത്തനം - 17

പ്രവർത്തനത്തിന്റെ പേര് : കോ കരിക്കുലർ ആക്ടിവിറ്റീസ്

മേഖല/ ഉപ മേഖല : അക്കാദമികം / കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | സംഗീത ഇൻസ്ട്രുമെന്റൽ മ്യൂസിക് നൃത്തം | സിസിയെ ഭാഗമായി ആഴ്ചയിൽ ഒരു ദിവസം ഒന്നരമണിക്കൂർ | ആർട്സ് ക്ലബ്ബ് കലാ അധ്യാപകൻ | |

കായിക വിദ്യാഭ്യാസം

പ്രവർത്തനം - 18

പ്രവർത്തനത്തിന്റെ പേര് : കായിക പരിശീലനം

മേഖല/ ഉപ മേഖല : അക്കാദമികം/ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം | |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | വൈകുന്നേരങ്ങളിൽ കായിക പരിശീലനം നൽകൽ | ആഴ്ചയിൽ മൂന്ന് ദിവസം | പിടിയെ കായിക അധ്യാപകൻ | |

പ്രവർത്തനം - 19

പ്രവർത്തനത്തിന്റെ പേര് : ക്ലാസ് പിടിഎ സജീവമാക്കൽ

മേഖല/ ഉപ മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പിടിഎ കൃത്യമായി അജണ്ട വെച്ച് പ്രതിമാസം ചേരൽ പഠന പുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം പൊതു ചർച്ച എന്നിവ ഉണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |

സാമൂഹികം

പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവവിദ്യാർഥി സംഗമം വിളിച്ചു ചേർക്കൽ അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എസ് എസ് ജി ഒ എസ് എ പൂർവ്വ വിദ്യാർത്ഥികൾ | |

പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : പൂർവ്വ അധ്യാപക സംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കി | അധ്യാപക ഹാജർ ബുക്ക് പരിശോധിച്ചു പൂർവ്വ അധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കുക | രണ്ടു വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | സ്റ്റാഫ് ഫണ്ട് |

പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ ):

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു

മോണിറ്ററിംഗ് രീതി


- ദൈനംദിന മോണിറ്ററിംഗ് (HM)
- സോഷ്യൽ മോണിറ്ററിംഗ് രീതി (PTA)

ഉപസംഹാരം

സാമൂഹിക സാംസ്കാരിക ഉന്നമനത്തിന് അടിസ്ഥാനം വിദ്യാഭ്യാസമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനാൽ വിദ്യാലയം എന്നത് ഇതിനൊരു വേദിയാവേണ്ടതുണ്ട്.ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ പശ്ചാത്തലമൊരുക്കുന്നത്തിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യഭ്യാസസംരക്ഷണയജ്ഞം. നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും പേരും പെരുമയും നിലനിർത്തുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.


## അനുബന്ധം - 1

## വിദ്യാലയത്തിന്റെ സ്കെച്ചും പ്ലാനും




SECOND FLOOR PLAN
2/4





അനുബന്ധം - 2 മികവുകൾ, നേട്ടങ്ങൾ

നടപ്പുവർഷം :

- കുട്ടികളുടെയും ഭവന സന്ദർശനം
- ക്ലാസ് പിടിഎ
- ബോധവൽക്കരണ ക്ലാസുകൾ
- എസ്എസ്എൽസി 100% വിജയം
- നിലനിർത്തൽ

- ഗുണനിലവാരം മെച്ചപ്പെടുത്തൽ

അനുബന്ധം - 4

നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക

പി ടി എ :

പ്രസിഡന്റ് : ശ്രീ മുർഷിദ്

വൈസ് പ്രസിഡന്റ് : ശ്രീമതി റാഷിദ്

അംഗങ്ങൾ:

1. ലാമിയാശ
2. റൂബിയ
3. ഫാത്തിമത്തുൽ ഷഹദിയ
4. അബ്ദുൽ നാസർ
5. സാജിദ്
6. ഫാരിസ്